കണ്ണൂർ ജില്ലയിലെ പെരുമ്പം പറമ്പ-കല്ലുവയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

86 (3727) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ. പി. നമ്പർ 7137 അനുസരിച്ച് 1999 സെപ്റ്റംബർ 16-ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രകാരം കണ്ണൂർ ജില്ലയിലെ പെരുമ്പംപറമ്പ് -കല്ലുവയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യാൻ പൊതുമരാമത്തു വകുപ്പിന്റെ 17-11-1999-ലെ 10362/ സി 1/99 ഉത്തരവ് പ്രകാരം നൽകിയ നിർദ്ദേശം നടപ്പിലാക്കിയോ ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പെരുമ്പംപറമ്പ് - കല്ലുവയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടില്ല. ഇത് കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡായതിനാൽ ഈ റോഡ് പണിയുടെ കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകി കോടതി വിധി നടപ്പാക്കുവാൻ ഈ വകുപ്പിന്റെ 1-3-2000-ലെ അനൗദ്യോഗിക കുറിപ്പ് നം. 10362/ സി1/പൊ.മ.വ. പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിവരം ബഹു. എം. എൽ. എ. യെ 1-3-2000-ലെ 10362/ സി3/പി.ഡബ്ല്യൂ. നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് ഇപ്പോൾ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലായതിനാലാണ് പൊതുമരാമത്ത് വകുപ്പ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താത്തത്.

പരസ്യം നൽകുന്നതിന് ആർച്ച് മോഡലിൽ സ്ഥിരം സംവിധാനം

87 (3728) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മറ്റ് പ്രധാനപ്പെട്ട റോഡുകൾ എന്നിവയിൽ റോഡ് ക്രോസ് ചെയ്ത് സ്ഥിരമായി പരസ്യം നൽകുന്നതിന് 'ആർച്ച് മോഡലിൽ' സ്ഥിരം സംവിധാനത്തോടു കൂടിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ആർക്കെല്ലാം അനുമതി നൽകിയിട്ടുണ്ട് ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച കാരാറിലെ വ്യവസ്ഥകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; എത്ര നാളത്തേക്കാണ് കരാർ നൽകിയിട്ടുള്ളത് ; ഇതുമൂലം സംസ്ഥാന സർക്കാരിന് എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കരാറിലെ മറ്റു വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എറണാകുളം - ആലുവ റോഡിൽ ഇടപ്പള്ളി പള്ളിക്ക് സമീപവും നാഷണൽ ഹൈവേയിൽ പാലാരിവട്ടം-കാക്കനാട് ജംഗ്ഷനടുത്തും ഇപ്രകാരം ബോർഡുകൾ, ആർച്ചുകൾ സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് സ്ഥാപിച്ചിട്ടുള്ളത് ; എന്തു തുകയ്ക്കാണ് കരാർ നൽകിയത് ?

ഉത്തരം

(എ) ദേശീയ പാതാ വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പോളിസി പ്രകാരം ഹൈവേകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളിൽ പ്രകാശ പ്രതിഫലനശേഷി ഉള്ളതരം സൈൻ ബോർഡുകൾ (Retro reflection sign board) സ്വകാര്യ വ്യക്തി/സ്ഥാപനങ്ങളുടെ നിയന്ത്രിത പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് എം എസ്. പടിയത്ത് ഡയറി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിന് മേൽ വിവരിച്ച തരം ഗാൻട്രി മാതൃകയിലുള്ള ദിശാ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി & സി) ഈ കരാർ പ്രകാരം കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായി ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച തരത്തിലും സ്ഥാനങ്ങളിലും ടി ബോർഡുകൾ കരാറുകാർ പൂർണ്ണമായും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സ്ഥാപിക്കേണ്ടതും, ടി കമാനത്തിന്റെ സൈൻ ബോർഡുകളിൽ നിർദ്ദിഷ്ടഭാഗത്ത് നിബന്ധനകൾക്ക് വിധേയമായി പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് കരാറുകാരന് അനുവാദമുള്ളതുമാണ്. ഈ കരാർ പ്രകാരം ഡിപ്പാർട്ടുമെന്റിന് ചെലവു കൂടാതെ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതല്ലാതെ ഏതെങ്കിലും വിധത്തിലുള്ള ചെലവോ വരുമാനമോ ഇല്ല. ടി ബോർഡുകൾ സ്ഥാപിച്ച തീയതി മുതൽ 5 വർഷത്തെ കാലയളവിലേക്ക് കരാറുകാർക്ക് അവകാശമുള്ളതാണ്.

(ഡി) ദേശീയപാതാ വിഭാഗത്തിൽ എറണാകുളം ഭാഗത്ത് ഗാൻട്രി സൈൻ ബോർഡ് ഒരെണ്ണം എം. എസ്. പടിയത്ത് ഡയറി ലിമിറ്റഡ് സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്വത്തോടെ നാഷണൽ ഹൈവേകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്ന ഈ പദ്ധതിക്ക് കരാർ തുക ബാധകമല്ല.

വരാപ്പുഴ പാലത്തിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്ന് അനുമതി

88 (3729) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 17-ലെ വരാപ്പുഴ പാലത്തിൽ നിന്നും ഇടപ്പള്ളി ഭാഗത്തേക്കുള്ള റോഡിന്റെ എൽ. എ. എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) ഈ റോഡിൽ വരുന്ന ഇടപ്പള്ളി റെയിൽവേ ഗേറ്റിലുള്ള നിർദ്ദിഷ്ട റോഡ് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly